**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 842** **04-03-2020 ലെ മറുപടി**

**<u>കൽപ്പറ്റ മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി. കെ. ശശീന്ദ്രൻ | | **ശ്രീ. കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| **(എ)** | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൽപ്പറ്റ മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണെന്ന് വിശദമാക്കാമോ; എത്ര കോടി രൂപയുടെ പദ്ധതികളാണ് ഇത്തരത്തിൽ നടപ്പിലാക്കി വരുന്നതെന്ന് വെളിപ്പെടുത്താമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള വാട്ടർ അതോറിറ്റി വഴി കൽപ്പറ്റ മണ്ഡലത്തിൽ മൊത്തം 404.85 ലക്ഷം (4.0485 കോടി) രൂപയുടെ അംഗീകാരം ലഭിച്ച 19 പ്രവൃത്തികൾ നടന്നു വരുന്നു. വിശദാംശങ്ങൾ അനുബന്ധം (1) ആയും ജലസേചനവകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ അനുബന്ധം (2) ആയും ചേർത്തിരിക്കുന്നു.<br><br>ചീഫ് എഞ്ചിനീയർ, പ്രോജക്ട് I ന്റെ കാര്യാലയത്തിനു കീഴിൽ കൽപ്പറ്റ മണ്ഡലത്തിൽ ഉൾപ്പെടുന്ന കാരാപ്പുഴ ജലസേചന പദ്ധതിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ വിവരങ്ങൾ താഴെ പറയുന്നു.<br><br>2010 ൽ ഭാഗികമായി പൂർത്തീകരിച്ച കാരാപ്പുഴ ജലസേചനപദ്ധതിയുടെ പൂർത്തീകരണത്തിനായുള്ള പ്രവൃത്തികളാണ് ഏറ്റെടുത്ത് നടത്തിവരുന്നത്. ആയതിനായി പ്ലാൻ ശീർഷകത്തിൽ അതാത് വർഷങ്ങളിൽ ബജറ്റിൽ വകയിരുത്തുന്ന തുകക്ക് അനുസൃതമായി തയ്യാർ ചെയ്ത് അംഗീകാരം ലഭിച്ച ആക്ഷൻ പ്ലാനിലെ പ്രവൃത്തികൾ നടത്തിവരുന്നു<br><br>സാമ്പത്തിക വർഷം — അംഗീകരിച്ച ആക്ഷൻ പ്ലാൻ തുക<br>2017-18 — 1326.58 ലക്ഷം<br>2018-19 — 1142.50 ലക്ഷം<br>2019-20 — 1260.60 ലക്ഷം<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാരാപ്പുഴ ജലസേചന പദ്ധതിക്കുകീഴിൽ കൽപ്പറ്റ |

<table>
<tr>
<td></td>
<td></td>
<td></td>
<td>നിയോജകമണ്ഡലത്തിൽ 4,12,17,880/- രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികളുടെ തുക 3,74,77,866/- രൂപയാണ്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂജലവകുപ്പ് കൽപ്പറ്റ മണ്ഡലത്തിൽ 4,67,381 രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം (3) ആയി ഉള്ളടക്കം ചെയ്യുന്നു.<br>ജലനിധി രണ്ടാംഘട്ടത്തിൽ കൽപറ്റ നിയോജക മണ്ഡലത്തിലെ കണിയാമ്പറ്റ, കോട്ടത്തറ, പൊഴുതന ഗ്രാമപഞ്ചായത്തുകൾ തിരഞ്ഞെടുത്തിരുന്നു. ടി ഗ്രാമപഞ്ചായത്തുകളിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>ഗ്രാമപഞ്ചായത്ത്</th><th>ഗുണഭോക്തൃ കുടുംബങ്ങൾ</th><th>അടങ്കൽ തുക</th></tr>
<tr><td>കണിയാമ്പറ്റ</td><td>1049</td><td>5,64,22,830/-</td></tr>
<tr><td>കോട്ടത്തറ</td><td>1421</td><td>7,50,36,507/-</td></tr>
<tr><td>പൊഴുതന</td><td>1087</td><td>3,76,82,100/-</td></tr>
<tr><td>ആകെ</td><td>3557</td><td>16,91,41,437/-</td></tr>
</table>
</td>
</tr>
<tr>
<td>(ബി)</td>
<td>പ്രസ്തുത മണ്ഡലത്തിൽ ഏതെല്ലാം ചെക്ക് ഡാമുകൾക്കും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കും ഭരണാനുമതി ലഭിച്ചിട്ടുണ്ട്; ഈ പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?</td>
<td>(ബി)</td>
<td>പ്രസ്തുത മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച ചെക്കു ഡാമുകളുടെയും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധം (4) ആയി ചേർത്തിരിക്കുന്നു.</td>
</tr>
</table>

സെക്ഷൻ ഓഫീസർ

അനുബന്ധം (1)

| ക്രമ നമ്പർ | പ്രവൃത്തികൾ | തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | **കൽപറ്റ പദ്ധതിയും UIDSSMT പദ്ധതിയും ഇൻറർകണക്ഷൻ ചെയ്യുന്ന പ്രവൃത്തി** | 30.00 | **പൂർത്തീകരിച്ചു.** |
| 2 | പടിഞ്ഞാറത്തറ കേടായ പമ്പിംഗ് മെയിൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി | 9.00 | **പൂർത്തീകരിച്ചു.** |
| 3 | കൽപറ്റ സബ് ഡിവിഷൻ ഓഫീസ് നവീകരിക്കുന്ന പ്രവൃത്തി. | 5.00 | **പൂർത്തീകരിച്ചു.** |
| 4 | ഇടത്തറക്കടവ് പമ്പ് ഹൗസ് നവീകരിക്കുന്ന പ്രവൃത്തി | 5.4 | **പൂർത്തീകരിച്ചു.** |
| 5 | കൽപറ്റ ഗൂഡലായി പൈപ്പ് ലൈൻ നീട്ടുന്ന പ്രവൃത്തി | 25 | **പൂർത്തീകരിച്ചു.** |
| 6 | മുട്ടിൽ പദ്ധതിയും UIDSSMT പദ്ധതിയും ഇൻറർകണക്ഷൻ ചെയ്യുന്ന പ്രവൃത്തി | 25 | **പൂർത്തീകരിച്ചു.** |
| 7 | പടിഞ്ഞാറത്തറ പദ്ധതിയിൽ നിന്നും ഇടക്കാടൻമുക്ക് മുതൽ ആലക്കി വരെ പൈപ്പ് ലൈൻ നീട്ടുന്ന പ്രവൃത്തി | 17.75 | **പൂർത്തീകരിച്ചു.** |
| 8 | കണിയാമ്പറ്റ പദ്ധതിയിൽ നിന്നും പള്ളിമുക്ക് മുതൽ നെല്ലിയമ്പം വരെ പൈപ്പ് ലൈൻ നീട്ടുന്ന പ്രവൃത്തി | 52.50 | **പൂർത്തീകരിച്ചു.** |
| 9 | കൽപറ്റ പദ്ധതിയിൽ സർഗ്ഗംകുന്ന് പ്ലാൻറിൽ ചേമ്പർ നിർമ്മിക്കുന്ന പ്രവൃത്തി | 13.00 | **പുരോഗമിച്ചു വരുന്നു.** |
| 10 | പടിഞ്ഞാറത്തറ പദ്ധതിയിൽ കാപ്പിക്കുന്ന് പ്ലാൻറിൽ ചേമ്പർ നിർമ്മിക്കുന്ന പ്രവൃത്തി | 13.00 | **പൂർത്തീകരിച്ചു.** |
| 11 | കണിയാമ്പറ്റ പദ്ധതിയിൽ കമ്പളകാട് പ്ലാൻറിൽ ചേമ്പർ നിർമ്മിക്കുന്ന പ്രവൃത്തി | 13.00 | **പുരോഗമിച്ചു വരുന്നു.** |
| 12 | സർഗ്ഗംകുന്ന് പ്ലാൻറിലേക്ക് അപ്രോച്ച് റോഡ് നിർമ്മിക്കുന്ന പ്രവൃത്തി | 10.00 | **പൂർത്തീകരിച്ചു.** |
| 13 | സർഗ്ഗംകുന്ന് പ്ലാൻറിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്ന പ്രവൃത്തി | 55.00 | **പുരോഗമിച്ചു വരുന്നു.** |
| 14 | കൽപറ്റ പദ്ധതിയിൽ എസ്.പി. ഓഫീസ് ജംഗക്ഷൻ മുതൽ അമൃത് ജംഗ്ഷൻ വരെ കേടായ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി | 38.20 | **പുരോഗമിച്ചു വരുന്നു.** |
| 15 | കണിയാമ്പറ്റ പദ്ധതിയിൽ കണിയാമ്പറ്റ ടൗൺ മുതൽ വെറ്റിനറി ഹോസ്പിറ്റൽ ജംഗ്ഷൻ വരെ പൈപ്പ് ലൈൻ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തി | 25.00 | **പൂർത്തീകരിച്ചു.** |
| 16 | വൈത്തിരി പദ്ധതിയിൽ പുതിയ കിണർ നിർമ്മിക്കുന്ന പ്രവൃത്തി | 20.00 | **പൂർത്തീകരിച്ചു.** |
| 17 | വൈത്തിരി പദ്ധതിയിൽ 30 HP യുടെ സബ് മേർസിബിൾ പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി | 10.00 | **പുരോഗമിച്ചു വരുന്നു.** |
| 18 | മുട്ടിൽ പദ്ധതിയിൽ കരിക്കാണിക്കുന്ന് തെനേരി വരെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി | 18.00 | **പുരോഗമിച്ചു വരുന്നു.** |
| 19 | വൈത്തിരി പദ്ധതിയിൽ കേടായ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി | 20.00 | **പുരോഗമിച്ചു വരുന്നു.** |
| | മൊത്തം | **404.85** | |

2016-2017

അനുബന്ധം (2)

| ക്രമ നം | പ്രവർത്തിയുടെ പേര് | തുക ലക്ഷത്തിൽ |
|---|---|---|
| 1 | വെങ്ങപ്പള്ളി പഞ്ചായത്തിലെ കല്ലന്തോട് ചെക്ക് ഡാം നിർമാണം | 140.00 |

2017-2018

| | | |
|---|---|---|
| 1 | വൈത്തിരി പഞ്ചായത്തിലെ വൈത്തിരിപുഴ 12-ാം പാലത്തിന് സമീപം ചെക്ക് ഡാം നിർമ്മാണം | 150.00 |
| 2 | പൊഴുതന പഞ്ചായത്തിലെ ഇടിയംവയൽ ചെക്ക് ഡാം നിർമാണം | 255.00 |
| 3 | മീപ്പാടി പഞ്ചായത്തിലെ വിളക്കിത്തറയിൽ നിലവിലുള്ള കനാലിന്റെ പുനർനിർമ്മാണവും വി സി ബി യുടെ അറ്റകുറ്റ പണികളും | 12.00 |
| 4 | വേങ്ങപ്പള്ളി പഞ്ചായത്തിലെ ചെറുകന്ന് പാടശേഖര സമിതി കുളത്തിന്റെ നവീകരണം | 1.00 |
| 5 | മീപ്പാടി പഞ്ചായത്തിലെ ചേറുമൂല 1 കുളത്തിന്റെ നവീകരണം | 0.26 |
| 6 | വൈത്തിരി പഞ്ചായത്തിലെ ചേമ്പാട്ടി കോളനി 1 കുളത്തിന്റെ നവീകരണം | 0.36 |

2018-2019

| | | |
|---|---|---|
| 1 | കണിയാമ്പററ പഞ്ചായത്തിലെ പാടിക്കര ചിത്രമൂല ചെക്ക് ഡാം നിർമ്മാണം | 139.00 |
| 2 | മേപ്പാടി പഞ്ചായത്തിലെ കുന്നമ്പററ മാങ്ങവയൽ ചെക്ക് ഡാം നിർമ്മാണം | 45.00 |
| 3 | കണിയാമ്പററ പഞ്ചായത്തിലെ കല്ലഞ്ചിറ വി.സി.ബി അററകുററപണികൾ | 50.00 |
| 4 | മുട്ടിൽ പഞ്ചായത്തിലെ കാക്കവയൽതോട് വി.സി.ബി യുടെ അററകുററപണികൾ | 50.05 |
| 5 | വെങ്ങപ്പള്ളി പഞ്ചായത്തിലെ ഒരുവുമ്മൽ തോട് വി.സി.ബിയുടെ അററകുററപണികൾ | 25.00 |
| 6 | പൊഴുതന പഞ്ചായത്തിലെ ആനോത്ത് ചെക്ക് ഡാമിന്റെ അററകുററപണികൾ | 25.00 |
| 7 | കോട്ടത്തറ പഞ്ചായത്തിലെ കക്കോണികടവ് എൽ.ഐ.സ്കീമിന്റെമോട്ടോർ റീവൈൻഡിംഗ് വർക്ക് | 5.00 |
| 8 | കോട്ടത്തറ പഞ്ചായത്തിലെ വീയാമ്പററ എൽ.ഐ.സ്കീമിന്റെപൈപ്പ് ഇടൽ വർക്ക് | 25.00 |
| 9 | കോട്ടത്തറ പഞ്ചായത്തിലെ ചെറുപുഴ എൽ.ഐ.സ്കീമിന്റെ പമ്പ് ഹൗസ്ചുററുമതിൽ പുനരുദ്ധാരണം | 20.00 |
| 10 | കോട്ടത്തറ പഞ്ചായത്തിലെ ചെറുപുഴ എൽ.ഐ.സ്കീമിന്റെ കനാൽ ദീർഘിപ്പിക്കൽ | 25.00 |
| 11 | കൽപ്പററ മുൻസിപ്പാലിറ്റിയിലെ തുർക്കി പുഴയ്ക്ക് സൈഡ് കെട്ടൽ | 25.00 |
| 12 | പൊഴുതന പഞ്ചായത്തിലെ ആനോത്ത് ലവ്ഷോർ സ്കൂളിന്റെ സൈഡ് കെട്ടൽ | 25.00 |

2019-2020

| | | |
|---|---|---|
| 1 | കണിയാമ്പററ പഞ്ചായത്തിലെ കാവടം ലിഫ്ററ് ഇറിഗേഷൻ പദ്ധതി നിർമ്മാണം | 170.00 |
| 2 | കോട്ടത്തറ പഞ്ചായത്തിലെ ഒരുവുമ്മൽ തോട് ചെക്ക് ഡാം നിർമ്മാണം | 90.00 |
| 3 | മേപ്പാടി പഞ്ചായത്തിലെ ചെമ്പോത്തറ മാനിവയൽ ചെക്ക് ഡാം നിർമ്മാണം | 55.00 |
| 4 | വൈത്തിരി പഞ്ചായത്തിലെ വൈത്തിരിപുഴയക്ക് കുറുകെ പഴയ വൈത്തിരിയിൽ ചെക്ക് ഡാം നിർമ്മാണം | 45.00 |
| 5 | കണിയാമ്പററ പഞ്ചായത്തിലെ പനങ്കി കുളത്തിന്റെ നവീകരണം | 25.00 |
| 6 | കോട്ടത്തറ പഞ്ചായത്തിൽ അത്തിക്കൽ ഇറിഗേഷൻ ടാങ്കിന്റെ പുനരുദ്ധാരണം | 20.00 |

സെക്ഷൻ ഓഫീസർ

അനുബന്ധം (3)

**ഭൂജലവകുപ്പ് മുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ**

| ഹാൻഡ് പമ്പ് റിപ്പയർ | | | |
|---|---|---|---|
| ക്രമ നം. | നഗരസഭ/പഞ്ചായത്ത് | എണ്ണം | ചിലവായ തുക |
| 1 | മേപ്പാടി | 3 | 19877.42 |
| 2 | കൽപ്പറ്റ | 5 | 32491.00 |
| 3 | മുട്ടിൽ | 7 | 33728.00 |
| 4 | കണിയാമ്പറ്റ | 19 | 131053.86 |
| 5 | വെങ്ങപ്പള്ളി | 1 | 5089.00 |
| 6 | കോട്ടത്തറ | 4 | 22540.42 |
| 7 | പൊഴുതന | 1 | 9366.00 |
| 8 | മൂപ്പൈനാട് | 2 | 10138.61 |
| 9 | പടിഞ്ഞാറത്തറ | 2 | 6895.92 |
| ഹാൻഡ് പമ്പ് സ്ഥാപിക്കൽ | | | |
| 1 | കോട്ടത്തറ | 1 | 33146.00 |
| 2 | കണിയാമ്പറ്റ | 1 | 27229.00 |
| മൈക്രോവാട്ടർ സപ്ലൈ സ്കീം - പുനരുദ്ധീകരണം | | | |
| 1 | മേപ്പാടി | 1 | 30862.00 |
| കൃത്രിമ ഭൂജല സംപോഷണ പദ്ധതി | | | |
| 1 | കോട്ടത്തറ | 1 | 104964.00 |
| | | ആകെ | 467381.00 |

ക്ര.അനുബന്ധം (4)

ബി. ഭരണാനുമതി ലഭിച്ച ചെക്ക് ഡാമുകളും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും

| ക്രമ നം. | പ്രവർത്തിയുടെ പേര് | നിലവിലെ അവസ്ഥ |
|---|---|---|
| 1 | വെങ്ങപ്പള്ളി പഞ്ചായത്തിലെ കല്ലന്തോട് ചെക്ക് ഡാംനിർമാണം | 90% പൂർത്തീകരിച്ചു. |
| 2 | വൈത്തിരി പഞ്ചായത്തിലെ വൈത്തിരിപുഴ 12-ാം പാലത്തിന് സമീപം ചെക്ക് ഡാം നിർമ്മാണം | പ്രവർത്തി പൂർത്തികരിച്ചു |
| 3 | പൊഴുതന പഞ്ചായത്തിലെ ഇടിയംവയൽ ചെക്ക് ഡാം നിർമാണം | പ്രവർത്തി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമായതിനാൽ ഉപേക്ഷിച്ചു |
| 4 | കണിയാമ്പററ പഞ്ചായത്തിലെ പാടിക്കര ചിത്രമൂല ചെക്ക് ഡാം നിർമ്മാണം | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾസ്വീകരിച്ചുവരുന്നു |
| 5 | മേപ്പാടി പഞ്ചായത്തിലെ കുന്നമ്പറ്റ മാങ്ങവയൽ ചെക്ക് ഡാം നിർമ്മാണം | പ്രവർത്തി പുരോഗമിക്കുന്നു. |
| 6 | കണിയാമ്പററ പഞ്ചായത്തിലെ കാവടം ലിഫററ് ഇറിഗേഷൻ പദ്ധതി നിർമ്മാണം | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |
| 7 | കോട്ടത്തറ പഞ്ചായത്തിലെ ഒരുവുമ്മൽ തോട് ചെക്ക് ഡാം നിർമ്മാണം | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |
| 8 | മേപ്പാടി പഞ്ചായത്തിലെ ചെമ്പോത്തറ മാനിവയൽ ചെക്ക് ഡാം നിർമ്മാണം | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |
| 9 | വൈത്തിരി പഞ്ചായത്തിലെ വൈത്തിരി പുഴക്ക് കുറുകെ പഴയ വൈത്തിരിയിൽ ചെക്ക് ഡാംനിർമാണം | സാങ്കേതി കാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ